**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **27.04.2017-ൽ മറുപടിക്ക്**

**ചോദ്യം നം. 746**

## കോഴിക്കോട് ജില്ലയിലെ ചാലിയത്ത് മത്സ്യ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.കെ.സി. മമ്മത് കോയ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ ചാലിയത്ത് 12-03-2017-ൽ രാത്രി വൻ തീപ്പിടുത്തം ഉണ്ടായതും മത്സ്യ തൊഴിലാളികൾക്ക് വൻ നാശനഷ്ടം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്; | (ബി) | തീപിടുത്തത്തിൽ ഏതാണ്ട് 14-ഓളം ഷെഡ്ഡുകളും ആയിരക്കണക്കിന് മത്സ്യ വിപണന ബോക്സുകളും, ഔട്ട്ബോർഡ് എഞ്ചിനുകളും വലകളും ഉൾപ്പെടെ അനുബന്ധ സാമഗ്രികൾ പൂർണ്ണമായും നശിച്ചിരിക്കുകയാണ്. കൂടാതെ ഒരു ഇൻസുലേറ്റഡ് ലോറി ഭാഗികമായും, ഒരു പിക്കപ്പ് വാൻ, ഒരു മോട്ടോർ സൈക്കിൾ എന്നിവ പൂർണ്ണമായും കത്തി നശിച്ചു. |
| (സി) | ഏകദേശം എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; | (സി) | ഏകദേശം 50,96,250/- രൂപയുടെ മൂല്യം വരുന്ന ഉപജീവന മാർഗ്ഗങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (ഡി) | ദുരന്ത ബാധിതർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോ? | (ഡി) | ദുരന്ത ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി നാശനഷ്ടം സംബന്ധിച്ച പട്ടിക ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ